4. ഗ്യാസ് ക്രിമിറ്റോറിയം

സർക്കാരിൽ നിന്നുള്ള ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് നൽകുന്നു.

5. ഖരമാലിന്യ സംസ്കരണം

സർക്കാരിൽ നിന്നുള്ള ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് വിതരണം ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതികളുടെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മിഷൻ 676-ന്റെ ഭാഗമായി ടെറസ് ഫാമിംഗ്, ഹോം സ്റ്റെഡ് ഫാമിംഗ്

172 (7471) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ടെറസ് ഫാമിംഗ് യൂണിറ്റുകൾ, ഹോം സ്റ്റെഡ് ഫാമിംഗ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയാണ് ;

(ബി) ഇതിനാവശ്യമായ മാനവശേഷി, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) ടെറസ് കൃഷിക്കായി എം.കെ.എസ്.പി. പദ്ധതിവഴി പഞ്ചായത്തുകൾതോറും എഫ്.എഫ്.സി. കളിലൂടെ യന്ത്രങ്ങൾ ഉപയോഗിക്കാനും കൃഷി സഹായത്തിനായി കാർഷികസേന എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജൈവകൃഷിക്കാവശ്യമായ വളങ്ങൾ, കുടുംബശ്രീയുടെ തന്നെ ജെ.എൽ.ജി. ഗ്രൂപ്പുകൾവഴി ശേഖരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് സാമ്പത്തിക സഹായം

173 (7472) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കുന്ന, ഗ്രാമപഞ്ചായത്തുകളിലെ വീടുകളിലെയും വ്യാപാര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഖരമാലിന്യ സംസ്കരണ പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം സർക്കാർ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി 2014-15-ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള പരിശീലനം ഏത് ഏജൻസിവഴിയാണ് നൽകുന്നത് ; പരിശീലനത്തിനായി എത്ര രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ സംസ്കരണ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കുന്നില്ല.

(ബി&സി) ബാധകമല്ല.

മിഷൻ 676-ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് സംവിധാനം

174 (7473) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മിഷൻ 676'-ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് യൂണിറ്റിന്റെ പരിശോധന മാസത്തിൽ ഒരു തവണയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര മാസത്തിലൊരിക്കലാണ് ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് യൂണിറ്റ് പരിശോധന നടത്തുന്നത് ;

(സി) പ്രതിമാസപരിശോധന നടത്താൻ ആഡിറ്റ് യൂണിറ്റിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ ആഡിറ്റ് യൂണിറ്റിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പെർഫോമൻസ് ആഡിറ്റ് സംവിധാനം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; പ്രസ്തുത ഉത്തരവിൽ ആഡിറ്റ് യൂണിറ്റിന്റെ ജോലികൾ എന്തെല്ലാമാണെന്ന് പ്രതിപാദിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് മാസത്തിലൊരു തവണ വീതമാക്കുക എന്ന ലക്ഷ്യം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ തീരുമാനം എടുക്കുകയോ, 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല.

(ബി) മൂന്ന് മാസത്തിലൊരിക്കലാണ് ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് യൂണിറ്റ് പരിശോധന നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly